DCE - Circulars
Training Programmes - Participation of employees

**ഭരണഭാഷ - മാതൃഭാഷ**

നമ്പർ സി 6/977/2018/കോ.വി.വ.

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ,
തിരുവനന്തപുരം - 33
തീയതി : 19/06/2018
ഫോൺ : 0471 2303107

## സർക്കുലർ

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം- പരിശീലന പരിപാടികൾ (ഐ.എം.ജി/കപ്പാസിറ്റി ബിൽഡിംഗ്) ജീവനക്കാരെ പങ്കെടുപ്പിക്കുന്നത് - സംബന്ധിച്ച്.

സർക്കാരിന്റെ സ്റ്റേറ്റ് ട്രെയിനിംഗ് പോളിസിയുടെ ഭാഗമായി സർക്കാർ ഉദ്യോഗസ്ഥർക്ക് നിരന്തര പരിശീലനം നൽകി അവരുടെ ഉദ്യോഗസ്ഥ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനായി ഐ.എം.ജി.യുടെ നേതൃത്വത്തിലും വകുപ്പിന്റെ പ്ലാൻ ഫണ്ട് കപ്പാസിറ്റി ബിൽഡിംഗ് ശീർഷകത്തിലെ തുക ഉപയോഗിച്ചും പരിശീലന പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത പരിശിലന പരിപാടികളിൽ നിന്നും മതിയായ കാരണമില്ലാതെ പല സ്ഥാപന മേധാവികളും ജീവനക്കാരെ പങ്കെടുപ്പിക്കാത്ത പ്രവണത കണ്ടുവരുന്നു. മേൽ സാഹചര്യത്തിൽ പരിശീലന പരിപാടികളിൽ ജീവനക്കാരെ നിർബന്ധമായും പങ്കെടുപ്പിക്കേണ്ടതാണെന്ന് കോളേജ് വിദ്യഭ്യാസ വകുപ്പിന് കീഴിലെ എല്ലാ സർക്കാർ സ്ഥാപന മേധാവികൾക്കും കർശന നിർദ്ദേശം നൽകുന്നു.സ്ഥാപനത്തിലെ പരിശീലനത്തിന് നിയോഗിക്കപ്പെട്ടിട്ടുള്ള എല്ലാ ജീവനക്കാരും മുമ്പ് സമാന പരിശീലനം ലഭിച്ചിട്ടുള്ളവരാണെങ്കിൽ പരിശീലനം ലഭിച്ചിട്ട് ഏറ്റവും കൂടുതൽ കാലമായ ജീവനക്കാരനെ നിയോഗിക്കേണ്ടതാണ്. പരിശീലനത്തിന് നിയോഗിക്കപ്പെട്ട ജീവനക്കാരെ മതിയായ കാരണമില്ലാതെ വിടുതൽ ചെയ്യാത്ത പക്ഷം ആയതിനുള്ള ഉത്തരവാദിത്തം ബന്ധപ്പെട്ട സ്ഥാപനമേധാവികൾക്കായിരിക്കുമെന്നും അയതു പ്രകാരം തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും ബന്ധപ്പെട്ട എല്ലാ സ്ഥാപന മേധാവികളേയും അറിയിക്കുന്നു.

ഒപ്പ്/-
സീതാലക്ഷ്മി അമ്മ.എ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി
0471-2305547
srao.colledn@kerala.gov.in

//അംഗീകാരത്തോടെ//

പകർപ്പ്- സിസ്റ്റം മാനേജർ
(ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സൂപ്രണ്ട്

ജയ/19/6/18

762627

GOVERNMENT OF KERALA 2017-18